**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം - സംബന്ധിച്ച്

സൂചന. ശ്രീ A N karinkarappulli As Aarumughan Reshmidalam Veedu Kottani Kinasseri, Palakkad-678701 എന്നയാൾ സ്ഥിരം അദാലത്ത് സമിതി മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30-05-2024**

മേൽ സൂചന പ്രകാരം ശ്രീ A N karinkarappulli As Aarumughan Reshmidalam Veedu KottanI, Kinasseri, Palakkad-678701 എന്നയാൾ സ്ഥിരം അദാലത്ത് സമിതി മുഖേന കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ ലഭിച്ചില്ലെന്ന പരാതി പരിഗണിച്ചു.

പരാതിക്കാരനെ നേരിൽ കേട്ടു. 2009 ൽ നിർമാണം തുടങ്ങിയ ടി കെട്ടിടം ചില തർക്കങ്ങളാൽ നിർമാണം നിർത്തിവെക്കേണ്ടി വന്നതായും, തുടർന്ന് 2019ൽ നിർമാണം തുടർന്നതായും ടിയാൻ അറിയിച്ചു. കൊടുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം അപേക്ഷയിൻമേൽ എൽ.ഐ.ഡി & ഇ.ഡബ്ല്യു അസിസ്റ്റൻറ് എഞ്ചിനിയർ സ്ഥല പരിശോധന നടത്തിയതിൽ നിർമാണം പൂർത്തീകരിച്ച ടി കെട്ടിടം കെ.പി.ബി.ആർ ചട്ടങ്ങളിലെ ചട്ടം 26(4) പാലിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ നിയമാനുസൃതം നമ്പർ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. അപേക്ഷകനിൽ നിന്നും ഈ ന്യൂനതകൾ പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പുറപ്പെടുവിച്ച പ്രത്യേക ചട്ടം പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഒപ്പ്

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ A N karinkarappulli As Aarumughan Reshmidalam Veedu Kottani